(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. വി. ബാലറാം: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. എൻ. രാജൻ: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) മേശപ്പുറത്ത്വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട്

ഡോ. കെ. സി. ജോസഫ്: സർ, മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(5) സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാല് മുതൽ ആറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(6) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ ആറാമത് റിപ്പോർട്ട്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

IX പ്രത്യേക പരാമർശം

ജസ്റ്റിസ് മോഹൻകുമാർ കമ്മിഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാത്തതു സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: കഴിഞ്ഞ സഭയിൽ ഉന്നയിച്ച ഒരു കാര്യം തന്നെയാണ്. കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്റ്റ് സെക്ഷൻ 3 അനുസരിച്ച് അന്വേഷണ റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിൽ സഭയിൽ വയ്ക്കേണ്ടതാണ്. എന്നാൽ റിപ്പോർട്ട് കിട്ടി ഏതാണ്ട് ഒരു വർഷമായിട്ടും കല്ലുവാതുക്കൽ മദ്യദുരന്തം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly